(സി) സോളാർ റാന്തലുകൾ അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽനിന്നും വാങ്ങുന്നതിനായി ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ റേഷൻ കാർഡ് ഹാജരാക്കേണ്ടതാണ്. എസ്.സി./എസ്.റ്റി./ബി.പി.എൽ/ഫിഷർമാൻ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ ഒറിജിനൽ റേഷൻ കാർഡ് ഹാജരാക്കുന്നതിനു പുറമെ എസ്.സി./എസ്.റ്റി./ബി.പി.എൽ./ഫിഷർമാൻ വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പും ഹാജരാക്കേണ്ടതാണ്.

**സൗരോർജ്ജ പദ്ധതി**

54(2255) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**ഉത്തരം**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത നവീകരണോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക, ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതോർജ്ജം പരമാവധി സ്വയം ഉല്പാദിപ്പിക്കാൻ പ്രോൽസാഹിപ്പിക്കുക, സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുക, നിയമപരമായ നവീകരണ ഊർജ്ജ ക്രയബാധ്യത (R.P.O.) നിറവേറ്റുക തുടങ്ങിയവയാണ് സൗരോർജ്ജത്തിൽ നിന്നുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതുവഴി ലക്ഷ്യമിടുന്നത്.

(സി) 2012-13-ൽ ഭരണാനുമതി ലഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ സംസ്ഥാന സർക്കാർ 6400 പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും തുടർന്ന് 2014-15-ൽ ബാക്കിയുള്ള 3600 പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2015-16 കാലയളവിൽ സംസ്ഥാന സർക്കാർ 15.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. 2012-13-ൽ സർക്കാർ കെട്ടിടങ്ങളിൽ 110 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾക്ക് സർക്കാർ അനുമതി നൽകുകയുണ്ടായി. കഴൽമന്ദം 2 മെഗാവാട്ട് പദ്ധതിക്കും സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ൽ മുഖേന നവീകരണ ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനായി റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് എന്ന പേരിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ സ്വന്തം കെട്ടിടങ്ങളുടെ മുകളിൽ റൂഫ് ടോപ്പ് സോളാർ സ്ഥാപിക്കുകയും ബോർഡിന്റെ സ്വന്തം സ്ഥലത്ത് ground mounted solar സ്ഥാപിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

**വീടുകളിൽ ഏറ്റവും കുറച്ച് വൈദ്യുതി ഉപയോഗിക്കുന്നതിന് പ്രോത്സാഹനം**

55(2256) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ വൈദ്യുതി കുറച്ച് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾക്ക് പകരം ചെലവ് കുറഞ്ഞതും വൈദ്യുതി ഉപയോഗം വളരെ കുറഞ്ഞതുമായ ഇനങ്ങളെയും ബ്രാൻഡുകളെയും പരിചയപ്പെടുത്തുവാനും അതിന്റെ കാര്യക്ഷമവും വൈദ്യുതി ഉപയോഗം കുറയ്ക്കാവുന്നതുമായ പ്രയോഗം പരിചയപ്പെടുത്തുവാനും നടപടികളുണ്ടോ;

(സി) കുട്ടികളുടെ ഇടയിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്ന ശീലമുണ്ടാക്കാൻ എന്തെല്ലാം പാഠങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെയും ഊർജ്ജ സംരക്ഷണത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യമാദ്ധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവയിലൂടെയും പരസ്യങ്ങൾ, ലഘുലേഖകൾ മുഖേനയും നടപ്പിലാക്കിവരുന്നു. മലയാള മനോരമയുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിക്കാനുതകുന്നതും ഇതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതുമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച "ഊർജ്ജച്ചെപ്പ്" എന്ന കൈപ്പുസ്തകത്തിന്റെ 22 ലക്ഷം കോപ്പികൾ ദിനപത്രത്തോടൊപ്പം വിതരണം ചെയ്തു. വൈദ്യുതി സംരക്ഷണത്തെ കുറിച്ചുള്ള ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ദൂരദർശനിൽ 'സ്പന്ദനം' എന്ന പേരിൽ ഒരു പ്രതിവാര പരിപാടി കെ.എസ്.ഇ.ബി. സംപ്രേഷണം

LIBRARY ARCHIVES Kerala Legislative Assembly